✎ ടി.കെ ഉബൈദ്

ഖുര്‍ആന്‍ ബോധനം

1061

# സൂറ – 34 / സബഅ്

## സൂക്തം: 28 – 30

മുഹമ്മദ് നബി നിയുക്തനായിരിക്കുന്നത് ഏതെങ്കിലും പ്രത്യേക വംശത്തില്‍ പിറന്നവരെയോ വര്‍ണമുള്ളവരെയോ ഭാഷസംസാരിക്കുന്നവരെയോ ദേശത്തു വസിക്കുന്നവരെയോ കാലഘട്ടത്തില്‍ ജീവിക്കുന്നവരെയോ മാത്രം പ്രബോധനം ചെയ്യാനല്ല. വംശ-വര്‍ണ-ദേശ-ഭാഷാ-കാല വ്യത്യാസമന്യെ സകല ജനങ്ങളെയും സനാതന സത്യങ്ങള്‍ ഉപദേശിക്കുന്നതിനും സന്മാര്‍ഗിക ജീവിതത്തിന്റെ സല്‍ഫലങ്ങള്‍ സംബന്ധിച്ച സുവിശേഷങ്ങളും അധാര്‍മിക ജീവിതത്തിന്റെ ദുരന്ത പരിണതിയെ സംബന്ധിച്ച താക്കീതും നല്‍കുന്നതിനു വേണ്ടിയാണദ്ദേഹം നിയുക്തനായിരിക്കുന്നത്.

وَمَآ أَرْسَلْنَـٰكَ إِلَّا كَآفَّةً لِّلنَّاسِ بَشِيرًا وَنَذِيرًا وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٢٨﴾

28. പ്രവാചകാ മനുഷ്യര്‍ക്കാകമാനമുള്ള സുവിശേഷകനും മുന്നറിയിപ്പുകാരനുമായിട്ടു തന്നെയാകുന്നു നാം നിന്നെ അയച്ചിട്ടുള്ളത്. പക്ഷെ, അധികജനവും യാഥാര്‍ഥ്യം മനസ്സിലാക്കുന്നില്ല.

**28**

وَمَا أَرْسَلْنَاكَ = (പ്രവാചകാ) നാം നിന്നെ അയ (ച്ചിട്ടുള്ളത്) ച്ചിട്ടില്ല

إِلَّا كَافَّةً لِّلنَّاسِ = മനുഷ്യര്‍ക്ക് മുഴുവനുമായിട്ടല്ലാതെ (മനുഷ്യര്‍ക്കാകമാനമുള്ള)

بَشِيرًا وَنَذِيرًا = സുവിശേഷകനും മുന്നറിയിപ്പുകാരനായിട്ടു (തന്നെയാകുന്നു)

وَلَكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ = പക്ഷെ അധിക ജനവും അറിയുന്നില്ല (യാഥാര്‍ഥ്യം മനസ്സിലാക്കുന്നില്ല)

അന്ത്യപ്രവാചകനും അദ്ദേഹത്തിന്റെ ധര്‍മോപദേശത്തിനെതിരെ ബഹുദൈവവിശ്വാസികളും വൈദിക മതവിഭാഗങ്ങളും ഉന്നയിച്ചുകൊണ്ടിരിക്കുന്ന വിമര്‍ശനങ്ങളോടുള്ള ഖുര്‍ആന്റെ പ്രതികരണമാണീ സൂക്തം. പ്രവാചകന്‍ അവകാശപ്പെടുന്ന ദൈവിക ദൗത്യം, പരലോകം, ഉയിര്‍ത്തെഴുന്നേല്‍പ്പ്, രക്ഷാശിക്ഷകള്‍ തുടങ്ങി മുന്‍സൂക്തങ്ങളില്‍ സൂചിപ്പിച്ച കാര്യങ്ങളൊക്കെയും കള്ളമാണ്; അഥവാ അതില്‍ വല്ല സത്യവുമുണ്ടെങ്കില്‍ കൂടി ദൈവദൂതന് നമ്മെയെല്ലാം അത് വിശ്വസിപ്പിക്കാന്‍ കഴിയേണ്ടതാണ്. വിശ്വസിക്കാത്തവരില്‍ അദ്ദേഹം താക്കീതു ചെയ്യുന്ന ശിക്ഷകള്‍ വന്നു ഭവിക്കേണ്ടതാണ്. ഇതൊന്നും സംഭവിക്കുന്നില്ലല്ലോ. ഇതായിരുന്നു അക്കാലത്തെ ബഹുദൈവവിശ്വാസികളുടെ വാദം. അവരോടു പറയുകയാണ്. ആളുകളെ ബലാല്‍ക്കാരം സത്യവിശ്വാസികളാക്കുകയല്ല പ്രവാചകന്റെ ദൗത്യം. സത്യ-ധര്‍മങ്ങള്‍ അംഗീകരിച്ച് അതിന്റെ താല്‍പര്യമായ സന്മാര്‍ഗിക ജീവിതം നയിക്കുന്നവരെ ഈ ലോകത്തും പരലോകത്തും ലഭിക്കാനിരിക്കുന്ന സൗഭാഗ്യങ്ങളെക്കുറിച്ച് സുവിശേഷം അറിയിക്കുകയും സത്യ-ധര്‍മങ്ങള്‍ തള്ളിക്കളഞ്ഞ് ചെകുത്താന്റെ പ്രലോഭനങ്ങള്‍ക്കും ജഡികാസക്തികള്‍ക്കും മാത്രം വഴങ്ങി ജീവിക്കുന്നവരെ അതുമൂലം ഈ

ലോകത്തും പരലോകത്തും വന്നുഭവിക്കാനിരിക്കുന്ന ദുരന്ത പരിണതിയെക്കുറിച്ചു മുന്നറിയിപ്പു നൽകുകയും മാത്രമാണ് പ്രവാചക ദൗത്യം. ആളുകൾ ആവശ്യപ്പെടുന്ന ദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെടുത്തുകയും അവിശ്വാസികളുടെമേൽ ശിക്ഷയിറക്കുകയുമൊന്നും പ്രവാചകന്റെ ചുമതലയിൽ പെട്ടതല്ല. ദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെടുത്തുന്നത് അല്ലാഹുവാണ്. അതു പ്രത്യക്ഷപ്പെടുത്തണമെന്ന് അവനിഛിച്ചാൽ ഇഛിച്ച രൂപത്തിൽ പ്രത്യക്ഷപ്പെടുത്തും. ഇക്കാര്യം ഖുർആൻ ആവർത്തിച്ചു പറയുന്നുണ്ട്. ഉദാഹരണമായി പ്രവാചകനോട് അല്ലാഹു പറയുന്നു: وَمَا عَلَى الرَّسُولِ إِلَّا الْبَلَاغُ الْمُبِينُ (വ്യക്തമായ സന്ദേശം എത്തിച്ചുകൊടുക്കുക മാത്രമാകുന്നു ദൈവദൂതന്റെ ചുമതല - 24:54). വിശ്വസിക്കാൻ ദൃഷ്ടാന്തം കാണണമെന്നാവശ്യപ്പെട്ടവരോട് ഇപ്രകാരം പറയാൻ അല്ലാഹു പ്രവാചകനോട് കൽപിച്ചു. قُلْ إِنَّمَا الْآيَاتُ عِندَ اللَّهِ (പറയുക ദൃഷ്ടാന്തങ്ങൾ അല്ലാഹുവിങ്കൽ മാത്രമാകുന്നു - 6:109).

വിഗ്രഹാരാധകർ പ്രവാചകത്വത്തെ മൗലികമായി തന്നെ നിഷേധിക്കുന്നവരായിരുന്നുവെങ്കിൽ ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ യഹൂദ-ക്രൈസ്തവർ നിഷേധിച്ചിരുന്നത് മുഹമ്മദീയ പ്രവാചകത്വത്തെ മാത്രമായിരുന്നു. പ്രവാചകാഗമനം സംബന്ധിച്ച പ്രവചനങ്ങൾ ഈ രണ്ടു മതങ്ങളുടെയും വേദപുസ്തകങ്ങളിൽ ഉള്ളതാണല്ലോ. പ്രവാചകന്മാർ ആഗതരാകും. അതുപക്ഷെ, ഇസ്രയേൽ വംശത്തിൽ നിന്നുള്ളവർ മാത്രമായിരിക്കും. ഇസ്മായേലികളിലോ മറ്റു വംശങ്ങളിലോ പ്രവാചകന്മാർ വരില്ല. അക്കൂട്ടത്തിൽ വല്ലവരും പ്രവാചകത്വം അവകാശപ്പെട്ടാൽ അതു വ്യാജമാണ്. എന്നാൽ അവരുടെ വേദങ്ങൾ പ്രവചിക്കുന്ന അന്ത്യപ്രവാചകന്റെ ലക്ഷണങ്ങൾ മുഹമ്മദ് നബിയിൽ കാണപ്പെടുന്നു എന്ന വസ്തുത ചില വേദ പണ്ഡിതന്മാരെ വല്ലാതെ കുഴക്കിയിരുന്നു. എങ്കിലും അവരുടെ വംശീയമായ മേധാവിത്വ ഭാവം ഇസ്രയിലിയല്ലാത്ത ഒരാളെ പ്രവാചകനായി വിശ്വസിക്കാനും അനുഗമിക്കാനും അവരെ അനുവദിച്ചില്ല. സ്വന്തം നിലപാടിനെ അവർ ന്യായീകരിച്ചതിങ്ങനെയാണ്: മുഹമ്മദ് ഒരു പക്ഷെ പ്രവാചകൻ തന്നെയാവാം. അദ്ദേഹം പക്ഷെ ഇസ്മായേലികൾക്ക് അല്ലെങ്കിൽ അറബികൾക്ക് മാത്രമുള്ള പ്രവാചകനാണ്. ഞങ്ങൾ ഇസ്രയേലികൾ അയാളെ വിശ്വസിക്കാനോ പിന്തുടരാനോ ബാധ്യസ്ഥരല്ല. ഞങ്ങൾക്കാവശ്യമുള്ള വേദപ്രമാണങ്ങളും ആത്മീയ ദർശനങ്ങളും ഞങ്ങളുടെ കൈവശമുണ്ട്. അതിൽ വല്ല പരിഷ്കരണവും ദൈവം ഉദ്ദേശിക്കുന്നുവെങ്കിൽ അതിനു ഞങ്ങളുടെ വംശത്തിൽ നിന്നുതന്നെയുള്ള ദൈവദൂതനെയാണ് നിയോഗിക്കുക. وَإِذَا قِيلَ لَهُمْ آمِنُوا بِمَا أَنزَلَ اللَّهُ قَالُوا نُؤْمِنُ بِمَا أُنزِلَ عَلَيْنَا (അല്ലാഹു അവതരിപ്പിച്ച ഖുർആനിൽ വിശ്വസിക്കാനുപദേശിക്കുമ്പോൾ അവർ പറയും, ഞങ്ങൾക്കവതീർണമായ വേദത്തിലേ ഞങ്ങൾ വിശ്വസിക്കൂ -2:91). ചില യഹൂദ പണ്ഡിതന്മാർ മുഹമ്മദ് (സ)യെ അറബികളുടെ പ്രവാചകനായി അംഗീകരിക്കുന്നുവെന്ന് തുറന്നു പറയുകയുമുണ്ടായി. ഇസ്‌ലാമിന്റെ പ്രചാരണം തടയുന്നതിനുവേണ്ടി ഇക്കാലത്തും അനറബി സമൂഹങ്ങളിൽ പലരും ഇസ്‌ലാമിനെ സെമിറ്റിക് മതവും പ്രവാചകനെ സെമിറ്റിക് പ്രവാചകനുമായി വിശേഷിപ്പിക്കാറുണ്ട്. ഇന്ത്യയിൽ ഈ വാദം ഉയർത്തിപ്പിടിക്കുന്ന പ്രസ്ഥാനങ്ങൾ തന്നെയുണ്ട്. ഭാരതീയരാചരിക്കേണ്ടത് ഭാരതീയ മതമാണ്. ഹൈന്ദവ-ബൗദ്ധ-ജൈന-സിക്കു മതങ്ങളാണ് ഭാരതീയ മതങ്ങൾ. ഇസ്‌ലാമും ക്രിസ്ത്യാനിറ്റിയും വൈദേശിക മതങ്ങളാണ്. മതത്തെ അതിന്റെ ആത്മാവായ സത്യം, ധർമം, നീതി തുടങ്ങിയ മൂല്യങ്ങളിൽനിന്നു മുക്തമാക്കി വംശത്തിന്റെയും ദേശത്തിന്റെയും വർണത്തിന്റെയും ഭാഷയുടെയുമൊക്കെ ഛിഹ്നമാക്കുകയാണവർ ചെയ്യുന്നത്. അവിടെ ദേശീയ പാരമ്പര്യവും ദേശത്തിന്റെ താൽപര്യവും എന്താണോ അതാകുന്നു സത്യവും നീതിയും ധർമവുമൊക്കെ.

ഈ നിലപാടുകാരോടു ഖുർആൻ പറയുന്നതിതാണ്: മുഹമ്മദ് നബി നിയുക്തനായിരിക്കുന്നത് ഏതെങ്കിലും പ്രത്യേക വംശത്തിൽ പിറന്നവരെയോ വർണമുള്ളവരെയോ ഭാഷസംസാരിക്കുന്നവരെയോ ദേശത്തു വസിക്കുന്നവരെയോ കാലഘട്ടത്തിൽ ജീവിക്കുന്നവരെയോ മാത്രം പ്രബോധനം ചെയ്യാനല്ല. വംശ-വർണ-ദേശ-ഭാഷാ-കാല വ്യത്യാസമന്യെ സകല ജനങ്ങളെയും സനാതന സത്യങ്ങൾ ഉപദേശിക്കുന്നതിനും സാന്മാർഗിക ജീവിതത്തിന്റെ സൽഫലങ്ങൾ സംബന്ധിച്ച സുവിശേഷങ്ങളും അധാർമിക ജീവിതത്തിന്റെ ദുരന്ത പരിണതിയെ സംബന്ധിച്ച താക്കീതും നൽകുന്നതിനു വേണ്ടിയാണദ്ദേഹം നിയുക്തനായിരിക്കുന്നത്. ഈ ആശയം ഖുർആൻ പല സന്ദർഭങ്ങളിൽ പല ശൈലികളിൽ അവതരിപ്പിക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ: وَأُوحِيَ إِلَيَّ هَٰذَا الْقُرْآنُ لِأُنذِرَكُم بِهِ وَمَن بَلَغَ (എനിക്ക് ഈ ഖുർആൻ ബോധനം ചെയ്യപ്പെട്ടിരിക്കുന്നത് നിങ്ങളെയും അതു ലഭിക്കുന്നവരെയൊക്കെയും താക്കീതു ചെയ്യുന്നതിനുവേണ്ടിയാകുന്നു - 6:19).

قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللَّهِ إِلَيْكُمْ جَمِيعًا (പ്രവാചകൻ പ്രഖ്യാപിക്കുക: അല്ലയോ മനുഷ്യരേ, നിങ്ങളിലെല്ലാവരിലേക്കുമുള്ള ദൈവദൂതനാകുന്നു ഞാൻ - 7:158).

وَمَا أَرْسَلْنَاكَ إِلَّا رَحْمَةً لِّلْعَالَمِينَ (പ്രവാചകാ, ലോകർക്കൊക്കെയുമുള്ള അനുഗ്രഹമായിട്ടു തന്നെയാകുന്നു നാം നിന്നെ നിയോഗിച്ചിട്ടുള്ളത് - 21:107).

സൂറ *അഹ്സാബ്* 40-ാം സൂക്തം മുഹമ്മദി(സ)നെ خَاتَمَ النَّبِيِّينَ - പ്രവാചകന്മാരിൽ അന്തിമൻ എന്നു വിശേഷിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ കാലം മുതൽ ലോകാവസാനം വരെയുള്ള സകല ജനങ്ങളും അവലംബിക്കേണ്ട പ്രവാചകൻ അദ്ദേഹമാകുന്നു എന്നാണതിന്റെ താൽപര്യം. ഇതുസംബന്ധിച്ച് നബിവചനങ്ങളും ധാരാളമുണ്ട്. ഉദാ: നബി(സ) പ്രസ്താവിച്ചതായി മുസ്നദ് അഹ്മദ് ഉദ്ധരിക്കുന്നു: بُعِثْتُ إلى الأحمَرِ والأسودِ(ചുവന്നവരിലേക്കും കറുത്തവരിലേക്കും ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു). ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഒരു നബിവചനം ഇങ്ങനെ: كانَ النَّبِيُّ يُبعَثُ إلى قومِه خاصَّةً وبُعِثتُ إلى النَّاسِ عامَّةً (പ്രവാചകൻ നിയോഗിക്കപ്പെടാറുണ്ടായിരുന്നത് അദ്ദേഹത്തിന്റെ സമുദായത്തിലേക്ക് മാത്രമായിട്ടായിരുന്നു. എന്നാൽ ഞാൻ നിയുക്തനായത് മനുഷ്യ കുലത്തിന് പൊതുവായിട്ടാകുന്നു). മുസ്നദ് അഹ്മദിലെ മറ്റൊരു നിവേദനം ഇങ്ങനെയാണ്: أمَّا أنا فأُرسِلتُ إلى النَّاسِ كلِّهم عامَّةً , وكان مَن قَبلي إنَّما يُرسلُ إلى قومه (എന്നാൽ ഞാൻ എല്ലാ ജനത്തിലേക്കും പൊതുവായി അയക്കപ്പെട്ടവനാകുന്നു. എനിക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാർ അയക്കപ്പെടുന്നത് അവരുടെ സമുദായത്തിലേക്കു മാത്രമായിട്ടായിരുന്നു). മുഹമ്മദീയ പ്രവാചകത്വം സംബന്ധിച്ച പൂർവവേദങ്ങളിലെ പ്രവചനങ്ങളും അദ്ദേഹം എല്ലാ ജനങ്ങളിലേക്കുമുള്ള അന്ത്യപ്രവാചകനായിരിക്കുമെന്നു സൂചിപ്പിക്കുന്നുണ്ട്. ഉദാഹരണം: യശയ്യാ 42:1-4 ൽ പറയുന്നു: ഇതാ

ഞാൻ താങ്ങുന്ന എന്റെ ദാസൻ, എന്റെ തെരഞ്ഞെടുക്കപ്പെട്ടവൻ എന്റെ ഉള്ളം അയാളിൽ പ്രസാദിച്ചിരിക്കുന്നു. ഞാൻ എന്റെ ആത്മാവ് അയാളിൽ നിക്ഷേപിച്ചിരിക്കുന്നു. അയാൾ ജനതകളുടെ മേൽ നീതി നടത്തും. അയാൾ നിലവിളിക്കില്ല..... അയാൾ വിശ്വസ്തതാപൂർവം നീതി നടത്തും. അയാൾ ഭൂമിയിൽ നീതി സ്ഥാപിക്കും വരെ പരാജയപ്പെടുകയില്ല.'' പുതിയ നിയമം യോഹന്നാൻ 14:16-ൽ യേശു ശിഷ്യന്മാരോടു പറയുന്നു: ''നിങ്ങളോടുകൂടി എന്നെന്നും ഉണ്ടായിരിക്കാൻ പിതാവ് മറ്റൊരു പാർക്കലീത്തയെ നിങ്ങൾക്ക് അയച്ചുതരും.''

ആളുകൾ പരമ്പരാഗതമായി പാലിച്ചുവരുന്ന വംശീയ ദേശീയ ആചാരവിശ്വാസങ്ങളെ പരമസത്യങ്ങളും ധർമങ്ങളുമായി സ്വീകരിച്ച്, സർവ ജനങ്ങളെയും ഇഹ-പര സൗഭാഗ്യത്തിലേക്കു നയിക്കാൻ അല്ലാഹു നിയോഗിച്ച അന്ത്യപ്രവാചകനെ തള്ളിപ്പറയുന്നവരുടെ മൗഢ്യത്തിൽ സഹതപിക്കുകയാണ് وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ എന്ന വാക്യം. വാസ്തവത്തിൽ മനുഷ്യരോടുള്ള ദൈവ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും താൽപര്യമാകുന്നു ഈ പ്രവാചകനിയോഗവും സത്യ-ധർമങ്ങളുടെ പ്രബോധനവും. പൈശാചിക പ്രചോദനങ്ങൾക്ക് വശംവദരായി ആളുകൾ അധാർമിക ജീവിതം നയിച്ച് നിത്യനരകത്തിലകപ്പെടുന്നത് തടയാനും അവരെ നിത്യ സ്വർഗത്തിലേക്ക് വഴിതിരിച്ചു വിടാനും ഒരു മാർഗദർശകനെ അയച്ചിരിക്കുകയാണ് ദൈവം. ആ സന്മാർഗദർശനം സ്വീകരിച്ച് മോക്ഷം പ്രാപിക്കുന്നതിനു പകരം അധികജനവും അതു സ്വീകരിക്കാതിരുന്നാൽ അനുഭവിക്കേണ്ടി വരുമെന്ന് മുന്നറിയിപ്പു നൽകുന്ന നരകയാതന ദൃഷ്ടാന്തമായി അനുഭവിപ്പിക്കേണമെന്നാവശ്യപ്പെടുന്നത് എന്തുമാത്രം ശോചനീയമല്ല! ഒരു സമൂഹം പ്രവാചകനാൽ പ്രബോധനം ചെയ്യപ്പെടുന്നത് ആ സമുദായം ശിക്ഷിക്കപ്പെടാതിരിക്കാൻ കൈക്കൊള്ളുന്ന അവസാനത്തെ ദൈവിക നടപടിയാണ്. ആ ഔദാര്യം തള്ളിക്കളഞ്ഞ് അസത്യത്തിലും അധർമത്തിലും ശഠിച്ചു നിൽക്കുന്നവർ ശിക്ഷിക്കപ്പെടുക അനിവാര്യമാകുന്നു. പക്ഷെ, അധികമാളുകളും ഈ യാഥാർഥ്യം മനസ്സിലാക്കുന്നില്ല. ●

---

وَيَقُولُونَ مَتَىٰ هَٰذَا الْوَعْدُ إِن كُنتُمْ صَادِقِينَ ﴿٢٩﴾

29. അവർ വിശ്വാസികളോടു ചോദിക്കുന്നു: ഈ പുനരുത്ഥാന വാഗ്ദാനം പുലരുന്നതെപ്പോഴാണ്? നിങ്ങളിപ്പറയുന്നത് സത്യമാണെങ്കിൽ!

قُل لَّكُم مِّيعَادُ يَوْمٍ لَّا تَسْتَأْخِرُونَ عَنْهُ سَاعَةً وَلَا تَسْتَقْدِمُونَ ﴿٣٠﴾

30. നീ പറയുക: നിങ്ങൾക്ക് അതു പുലരാൻ ഒരു സമയം നിശ്ചയിച്ചു വെച്ചിട്ടുണ്ട്. ആ സമയത്തെ ഒരു നിമിഷംപോലും മുന്തിക്കാനോ പിന്തിക്കാനോ നിങ്ങൾക്കാവില്ല.

**29,30**

وَيَقُولُونَ = അവർ (വിശ്വാസികളോടു ചോദിക്കുന്നു) പറയുന്നു

مَتَىٰ هَٰذَا الْوَعْدُ = എപ്പോഴാണ് ഈ (പുനരുത്ഥാന) വാഗ്ദാനം (പുലരുന്നത്)

إِن كُنتُمْ صَادِقِينَ = നിങ്ങൾ സത്യവാന്മാരെങ്കിൽ (ഇപ്പറയുന്നത് സത്യമാണെങ്കിൽ) قُلْ = നീ പറയുക

لَكُم مِّيعَادُ يَوْمٍ = നിങ്ങൾക്ക് ഒരു നിശ്ചിത ദിവസമുണ്ട് (അതു പുലരാൻ ഒരു സമയം നിശ്ചയിച്ചു വച്ചിട്ടുണ്ട്)

لَّا تَسْتَأْخِرُونَ عَنْهُ سَاعَةً وَلَا تَسْتَقْدِمُونَ = നിങ്ങൾ ഒരു നിമിഷം പിന്തിക്കുകയോ മുന്തിക്കുകയോ ഇല്ല (നിമിഷം പോലും പിന്തിക്കാനോ മുന്തിക്കാനോ നിങ്ങൾക്കു കഴിയില്ല)

പ്രവാചകൻ മരണാനന്തര ഉയിർത്തെഴുന്നേൽപിനെയും അക്രമത്തിന്റെയും അസത്യത്തിന്റെയും ദുരന്തപരിണതിയെയും കുറിച്ചു മുന്നറിയിപ്പു നൽകുമ്പോൾ അവിശ്വാസികൾ ആ ദുരന്തത്തിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗം ആലോചിക്കുന്നതിനു പകരം അതുവന്നു കാണാൻ ബദ്ധപ്പെടുകയാണ്! സത്യവിശ്വാസികളെ പരിഹസിച്ചുകൊണ്ട് അവർ ചോദിക്കുന്നു: ശരി നിങ്ങളീ ഭീഷണിപ്പെടുത്തുന്ന ഉയിർത്തെഴുന്നേൽപും ശിക്ഷാവിധിയും സംഭവിക്കുന്നതെപ്പോഴാണ്. നിങ്ങൾ പറയുന്നതിൽ വല്ല സത്യവുമുണ്ടെങ്കിൽ അതൊന്നു സംഭവിച്ചുകാണട്ടെ. അപ്പോൾ ഞങ്ങൾ വിശ്വസിച്ചുകൊള്ളാം. അതിനു നൽകുന്ന മറുപടി ഇതാണ്: ഉയിർത്തെഴുന്നേൽപിനും ശിക്ഷാ വിധിക്കും വേണ്ടി നിങ്ങൾ ധൃതി കൂട്ടേണ്ട കാര്യമില്ല. അതിൽ അല്ലാഹു കൃത്യമായ ഒരു സമയം നിർണയിച്ചുവെച്ചിട്ടുണ്ട്. പ്രാപഞ്ചിക വ്യവസ്ഥയുടെ ഭാഗമാണത്. ഏതെങ്കിലും അവിവേകികളായ സൃഷ്ടികൾ ആവശ്യപ്പെടുന്നതനുസരിച്ച് അതു നേരത്തെയാക്കാനോ നീട്ടിവെക്കാനോ പറ്റില്ല. നിശ്ചിത സമയമായാൽ അത് സംഭവിച്ചു കൊള്ളും. അപ്പോൾ ഒരു നിമിഷം പോലും നേരത്തെയാക്കാനോ നീട്ടിവെക്കാനോ ആരു വിചാരിച്ചാലും കഴിയില്ല. ഈ ചോദ്യവും അതിന്റെ മറുപടിയും പലരീതികളിലായി നേരത്തെ യൂനുസ്, അൽ ഇസ്രാഅ്, അൽ അമ്പിയാഅ്, അന്നംല് സൂറകളിൽ വന്നിട്ടുണ്ട്. യാസീൻ, അൽമുൽക് സൂറകളിൽ ഇനിയും വരുന്നുണ്ട്. ميعاد നിശ്ചിത ദിവസമാണ്. വാഗ്ദത്ത ദിനം എന്നും പറയാം. ഉയിർത്തെഴുന്നേൽപുമായി ബന്ധിച്ച് يوم ദിവസം പറയുമ്പോൾ ഉദ്ദേശ്യം സമയവും കാലവുമാണ്. ഇവിടെ ഉദ്ദേശ്യം സമയമാണെന്ന് തുടർന്നുള്ള لَّا تَسْتَأْخِرُونَ عَنْهُ سَاعَةً എന്ന വാക്കിൽ നിന്നു മനസ്സിലാക്കാം. സമയം, മണിക്കൂർ, നിമിഷം തുടങ്ങിയ അർഥങ്ങളിലെല്ലാം ഉപയോഗിക്കുന്ന പദമാണ് سَاعَة. ●